**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5253** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ എത്രയെണ്ണം നാളിതുവരെ ഭവന നിർമ്മാണ ബോർഡ് മുഖേന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്‌ബി ധനസഹായത്തോടുകൂടി താഴെ പറയുന്ന റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 31.08.2018-ലെ സ.ഉ.(സാധാ) നം.3570/ 2018/റവ പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>നെടുമങ്ങാട്, കൊല്ലം, പന്തളം, കൊട്ടാരക്കര (രണ്ടാം ഘട്ടം), തിരുവല്ല, ചങ്ങനാശ്ശേരി, തൊടുപുഴ, പീരുമേട്, എറണാകുളം, കോതമംഗലം, സുൽത്താൻ ബത്തേരി, ചാലക്കുടി, മട്ടന്നൂർ, ആലപ്പുഴ ആർ.ഡി.ഒ കോംപ്ലക്സ്, മുളന്തുരുത്തി, അടിമാലി, പട്ടാമ്പി, നിലമ്പൂർ, വടകര, ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ, മതിലകം മിനി സിവിൽ സ്റ്റേഷൻ, പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ, വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ ഇവയിൽ സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായ ചടയമംഗലം, പത്തനാപുരം, നിലമ്പൂർ, വടകര, പട്ടാമ്പി, മുളന്തുരുത്തി,ചാലക്കുടി എന്നിവിടങ്ങളിലുള്ള റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് കിഫ്‌ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്‌ബിയുടെ അംഗീകാരം ലഭിക്കുന്ന പക്ഷം ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. ചടയമംഗലം റവന്യൂ ടവർ പദ്ധതി സർക്കാരിന്റെ മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി ശിലാസ്ഥാപന കർമ്മം നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. കൂടാതെ, ആരോഗ്യ,കുടുംബക്ഷേമ വകുപ്പിനുവേണ്ടി കിഫ്‌ബി ഫണ്ട് ഉപയോഗിച്ചുള്ള നീണ്ടകര, തുറവൂർ, വൈക്കം, കരുവേലിപ്പടി, കായംകുളം എന്നീ താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രികളുടെ വികസന പ്രവൃത്തികൾ പല ഘട്ടങ്ങളിലായി നടക്കുന്നു. |
| (ബി) | സംസ്ഥാനത്തെ മലയോര ഹൈവെയുടെയും വിഴിഞ്ഞം റിംഗ് റോഡ് പദ്ധതിയുടെയും ജംഗ്ഷൻ വികസന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഈ പ്രവർത്തികൾക്കായി ഇതു വരെ ഭവന നിർമ്മാണ ബോർഡിനെ കിഫ്ബി ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ